ഹദീസ്

നൗഷാദ് ചേനപ്പാടി

# ദൈവസ്മരണയിൽനിന്ന് അകലുമ്പോൾ കടുത്തുപോകുന്ന ഹൃദയങ്ങൾ

عَن ابنِ عُمَر رضي الله عنهُمَا قَالَ: قَالَ رسُولُ اللَّه صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ: لا تُكْثِرُوا الكَلامَ بغَيْرِ ذِكْرِ اللَّهِ، فَإنَّ كَثْرَة الكَلام بِغَيْرِ ذِكْرِ الله تَعالَى قَسْوةٌ لِلْقَلْبِ، وإنَّ أبْعَدَ النَّاسِ مِنَ اللَّهِ القَلبُ القَاسِي ( رواه الترمذي ٢٤١١)

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'അല്ലാഹുവിന്റെ സ്മരണയല്ലാത്ത സംസാരം നിങ്ങൾ അധികരിപ്പിക്കരുത്. അല്ലാഹുവിനെ ഓർക്കുന്നതല്ലാത്ത അധികരിച്ച സംസാരം ഹൃദയകാഠിന്യത്തിനു കാരണമാകും. ജനങ്ങളിൽ അല്ലാഹുവിൽനിന്ന് ഏറ്റവും അകന്നവൻ കഠിനഹൃദയനാണ്' (തിർമിദി: 2411).**

മണ്ണ് എന്ന ഭൗതിക വസ്തുവും സ്രഷ്ടാവായ അല്ലാഹുവിൽനിന്ന് ഊതപ്പെട്ട ആത്മാവും കൂടിച്ചേർന്ന സവിശേഷ സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യശരീരം ആരോഗ്യത്തോടെയും സൗഖ്യത്തോടെയും നിലനിൽക്കണമെങ്കിൽ വായു, വെള്ളം, ഭക്ഷണം എന്നീ ഭൗതികമായ വസ്തുകൾ കൃത്യമായ അളവിൽ അതിനു ലഭിച്ചുകൊണ്ടിരിക്കണം. എന്നാൽ മനുഷ്യത്വം പൂർണതയിലെത്തണമെങ്കിൽ അവനിൽ ഊതപ്പെട്ട ആത്മാവിന്റെ ആവശ്യങ്ങളും താൽപര്യങ്ങളും കൂടി നിവർത്തിക്കേണ്ടതുണ്ട്. ആത്മാവ് എവിടെ നിന്നാണോ വന്നത് അവിടവുമായി ബന്ധിപ്പിച്ചുനിർത്തുക എന്നതാണത്. ഈ ലോകത്തുനിന്ന് ആത്മാവ് വിടപറയുന്ന നിമിഷം വരെയും ആ ബന്ധം അറ്റുപോകാതെ നിലനിൽക്കണം. എങ്കിൽ മാത്രമേ മനുഷ്യനെന്ന നിലക്കുള്ള അവന്റെ ബാധ്യതകളും ഉത്തരവാദിത്തങ്ങളും ഭംഗിയായി നിറവേറ്റിക്കൊണ്ട് ഈ ലോകത്തെ ദൗത്യം പൂർത്തീകരിക്കാനാവുകയുള്ളൂ. അതിനവന് ശാന്തിയും സമാധാനവും സ്വസ്ഥതയും ലഭിക്കണം. അതിനു തടസ്സം നിൽക്കുന്ന പൈശാചിക പ്രവണതകളിൽനിന്ന് ആത്മാവിനെ നിരന്തരം സംരക്ഷിച്ചുനിർത്തുകയും വേണം.

ആത്മാവിനെ അതിന്റെ ഉറവിടമായ അല്ലാഹുവുമായി ബന്ധിപ്പിച്ചുനിർത്തേണ്ടത് അനിവാര്യമാണെന്ന് പറയുന്നത് അതുകൊണ്ടാണ്. അതിനുള്ള ഉപാധികളാണ് അഞ്ചു നേരത്തെ നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്, ദിക്ർ പോലുള്ള ആരാധനകൾ. പിന്നെ അവനോടുള്ള നിരന്തരമായ പ്രാർഥനകളും. ഈ ആരാധനകളിൽക്കൂടി എത്രമാത്രം ശക്തമായ ബന്ധം അല്ലാഹുവുമായിട്ടുണ്ടോ, അത്രമാത്രം സ്വസ്ഥതയും ആത്മശാന്തിയും സമാധാനവും ഈ ലോകത്ത് അയാൾക്ക് ലഭിക്കും. ആ ബന്ധം ദുർബലമാകുന്നതനുസരിച്ച് ഭൂമിയോട് അയാൾ ഒട്ടിപ്പിടിച്ചുനിൽക്കും. എപ്പോൾ ആ ബന്ധം പൂർണമായും ഇല്ലാതാകുന്നുവോ അപ്പോൾ മണ്ണിന്റെ താൽപര്യങ്ങൾ പൂർത്തീകരിക്കുന്നതിൽ മാത്രം ആമഗ്നനായ ജീവിയായി മനുഷ്യൻ അധഃപതിക്കുകയും ചെയ്യുന്നു. അപ്പോൾ ആത്മാവ് സ്രഷ്ടാവുമായുള്ള ബന്ധം നഷ്ടപ്പെട്ടതിനാൽ ശ്വാസം കിട്ടാതെ പിടയുന്നുണ്ടാവും. സ്വസ്ഥതയും സമാധാനവും അയാളിൽനിന്ന് പടിയിറങ്ങുന്നു. മനുഷ്യന്റെ യാഥാർഥ്യം എന്നു പറയുന്നത് അയാളുടെ ആത്മാവാണ്. ഈ ലോകത്ത് അതിന് നിലനിൽക്കാനും സഞ്ചരിക്കാനുമുള്ള വാഹനം മാത്രമാണ് അയാളുടെ ശരീരം.

അതുകൊണ്ടാണല്ലോ നാമൊരാളുടെ വീട്ടിൽ ചെന്നാൽ അയാളവിടെയില്ലെങ്കിൽ 'അദ്ദേഹം' അവിടെയില്ലെന്ന് വീട്ടുകാർ പറയുന്നത്. അയാൾ കുളിക്കുകയാണെങ്കിൽ 'അദ്ദേഹം' കുളിക്കുകയാണ്, ഇപ്പോൾ വരും എന്നും നമ്മെ അറിയിക്കുന്നത്. എന്നാൽ അദ്ദേഹം ആശുപത്രിയിൽ കിടന്നു മരിച്ചെന്നറിഞ്ഞ് അദ്ദേഹത്തിന്റെ വീട്ടിലെത്തുമ്പോൾ നാം ചോദിക്കുന്നത്, 'അദ്ദേഹ'ത്തെ ആശുപത്രിയിൽനിന്ന് കൊണ്ടുവന്നോ എന്നല്ലല്ലോ. 'മയ്യിത്ത്' ആശുപത്രിയിൽനിന്ന് കൊണ്ടുവന്നോ എന്നല്ലേ? കുളിപ്പിക്കുകയാണെങ്കിൽ മയ്യിത്ത് കുളിപ്പിക്കുകയാണെന്നാവും പറയുക. ആ 'അദ്ദേഹം' എവിടെപ്പോയി? അത് എവിടെനിന്നാണോ വന്നത് അങ്ങോട്ട് തിരിച്ചുപോയി. എന്നാൽ വീട്ടിലെ പശുവോ ആടോ കോഴിയോ ചത്താൽ പശുവിന്റെയോ ആടിന്റെയോ 'മയ്യിത്ത്' കുഴിച്ചിട്ടോ എന്നാരും ചോദിക്കില്ല. പശുവിനെ അല്ലെങ്കിൽ ആടിനെ കുഴിച്ചിട്ടോ എന്നു തന്നെയാണ് ചോദിക്കുക. ഇത്തരം പ്രയോഗങ്ങളിൽനിന്നു തന്നെ മനുഷ്യന്റെ യാഥാർഥ്യം അവനിൽ കുടികൊള്ളുന്ന ആത്മാവാണെന്ന് വ്യക്തമല്ലേ?

എത്രമാത്രം ശരീരത്തെ സുഖിപ്പിക്കുന്നുവോ അത്രമാത്രം ആത്മാവിന്റെ താൽപര്യത്തിൽനിന്ന് അകന്നുപോവുക എന്നതും ദുൻയാവിലേക്ക് കൂപ്പുകുത്തുക എന്നതുമാണ് മനുഷ്യന്റെ പ്രകൃതം. തീറ്റയിലും കുടിയിലും വിനോദത്തിലും, കാണുന്നതിലും കേൾക്കുന്നതിലും സംസാരത്തിലും എല്ലാം ഇതുതന്നെയാണ് അവസ്ഥ. ഇവിടെയാണ് മേൽകൊടുത്ത ഹദീസിന്റെ പ്രസക്തി. അല്ലാഹുവിനെ ഓർക്കുന്നതിന് ഏതെങ്കിലും വിധത്തിൽ തടസ്സമാകുന്ന ദുൻയാവിന്റെ മാത്രമായ സംസാരം അധികരിപ്പിച്ചാൽ മനുഷ്യഹൃദയം കടുത്തുപോകും. അത് അതിന്റെ സ്വാഭാവിക പ്രകൃതിയാണ്. ഈ സംസാരം വ്യക്തിപരമോ കുടുംബപരമോ സംഘടനാപരമോ രാഷ്ട്രീയമോ ആവട്ടെ. അതിൽ അല്ലാഹുവിനെയും അവന്റെ വിധിവിലക്കുകളെയും ഓർക്കാതെയും മുൻനിർത്താതെയുമുള്ള സംസാരമാണെങ്കിൽ അവിടെ ഒരു മയവും ഉണ്ടാവില്ല. അത്തരം സംസാരങ്ങൾ കടുക്കുകയും പൈശാചിക പ്രവണതകൾ മനുഷ്യനെ അടിപ്പെടുത്താൻ ഇടവരുത്തുകയും ചെയ്യുന്നു. ദീനിനോട് താൽപര്യമുള്ളവർ തന്നെ, ദീനീചർച്ചകളും പഠനങ്ങളും ഒഴിവാക്കി ടി.വിയിലും മൊബൈലിലും വിനോദങ്ങളിലും കോമാളിത്തങ്ങളിലും ദീർഘനേരം ചെലവഴിച്ചാൽ മെല്ലെമെല്ലെ അവരുടെ ഹൃദയവും കടുത്തുപോവുകയും അത് പിന്നീട് പൂർണമായ അശ്രദ്ധയിലേക്കും അലംഭാവത്തിലേക്കും കൊണ്ടെത്തിക്കുകയും ചെയ്യും. അതിനാൽ ഈ നബിവചനം ഓരോ വിശ്വാസിയും അതിന്റെ ഗൗരവത്തിലെടുക്കട്ടെ. ഇമാം തിർമിദി(റ) തന്റെ സുനനിൽ ഉദ്ധരിച്ച ഹസനായ ഹദീസാണിത്. ●